(ഡി) ലക്ചറർ തസ്തികയിലേക്കുള്ള നിയമനത്തിനുവേണ്ട മിനിമം യോഗ്യതയിൽ യു.ജി.സി. മാറ്റം വരുത്തിയതും, ഇതു സംബന്ധമായ കേസുകൾ ഹൈക്കോടതിയിൽ നിലവിലിരുന്നതുമാണ് നിയമനം നടത്തുന്നതിനുള്ള കാലതാമസത്തിനു കാരണം.

(ഇ) ലക്ചറർ തസ്തികയിലേയ്ക്ക് ലഭിച്ച അപേക്ഷകൾ സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിച്ച് നിയമനം നടത്തുന്നതിന് വേണ്ട നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുണ്ട്

തന്റേതല്ലാത്ത കാരണത്താൽ പരീക്ഷാസമയത്ത് സമയം നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് അധികസമയം നൽകുന്നതിന് നടപടി

140 (4423) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പട്ടം സെന്റ് മേരിസ് ഹയർ സെക്കന്ററി സ്കൂളിൽ മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതിയ വി. ലക്ഷ്മി എന്ന വിദ്യാർത്ഥിനിയ്ക്ക് (രജി. നം. 21097) നൽകിയ ചോദ്യപേപ്പറിൽ 47 മുതൽ 76 വരെയുള്ള ചോദ്യങ്ങൾ കാണാനില്ലായിരുന്നുവെന്നും, ബന്ധപ്പെട്ടവരെ ഇക്കാര്യം അറിയിച്ച് പകരം ചോദ്യപേപ്പർ നൽകാൻ വേണ്ടി എടുത്ത 15 മിനിട്ടോളം സമയം ഈ കുട്ടിയ്ക്ക് പരീക്ഷ എഴുതാൻ നഷ്ടപ്പെട്ടുവെന്നും ഈ സമയം അധികമായി അനുവദിക്കാൻ അധികാരികൾ തയ്യാറായില്ല എന്നും കാണിച്ച് ഒരു പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു :

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നത് :

(ഡി) തന്റേതല്ലാത്ത കാരണത്താൽ പരീക്ഷാ സമയത്ത് സമയം നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് അധിക സമയം നൽകാനുള്ള നടപടി ഭാവിയിലെങ്കിലും സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട്, കമ്മീഷണറുടെ പ്രതിനിധി, ലെയ്സൺ ഓഫീസർ, വിദ്യാർത്ഥി പരീക്ഷ എഴുതിയ ഹാളിലെ ഇൻവിജിലേറ്റർ എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ നാല് ഉദ്യോഗസ്ഥരും 25-4-2003-ൽ വിശദീകരണം നൽകിയിട്ടുണ്ട്. പരാതിയിൽ പറയുന്നതുപോലെ ചോദ്യപേപ്പർ മാറ്റി നൽകിയതുവഴി 15 മിനിറ്റ് നഷ്ടപ്പെട്ടിട്ടില്ല എന്നും നഷ്ടപ്പെട്ട രണ്ട് മിനിട്ടിന് പകരം സമയം അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുട്ടികൾക്ക് നൽകുന്ന ചോദ്യബുക്കിന്റെ കവർ പേജിലും ആദ്യപേജിലും ചോദ്യബുക്കിൽ ഒന്നു മുതൽ നൂറ്റിഇരുപതു വരെയുള്ള ചോദ്യങ്ങൾ ക്രമമായി അച്ചടിച്ചിട്ടുണ്ടെന്നും എല്ലാ പേജുകളും ഉണ്ടെന്നും ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്തെങ്കിലും അപാകതയുണ്ടെങ്കിൽ വിദ്യാർത്ഥി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. അങ്ങനെ പരാതി ലഭിച്ചാൽ പകരം മറ്റൊരു ചോദ്യബുക്ക് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) നഷ്ടപ്പെടുന്ന സമയം നികത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ പ്രസിദ്ധീകരണങ്ങൾ

141 (4424) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഭാഷകളിലായി ഏതൊക്കെ ദിനപത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) വാരിക, ദൈവാരിക, മാസിക, ദ്വൈമാസിക, ത്രൈമാസിക എന്നിവയിൽ ഏതൊക്കെയാണ് സംസ്ഥാനത്ത് പ്രചാരത്തിലുള്ളതെന്ന് അറിയിക്കുമോ ;

(സി) സായാഹ്ന പത്രങ്ങൾ സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ ;

(ഡി) കുട്ടികൾക്കും വനിതകൾക്കും വേണ്ടി പ്രത്യേകമായി ഏതൊക്കെ പ്രസിദ്ധീകരണങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് അറിയിക്കുമോ ;

(ഇ) സംസ്ഥാന സർക്കാരും വലിയ വകുപ്പുകളും അർദ്ധസർക്കാർ സ്ഥാപനങ്ങളും ഏതൊക്കെ പ്രസിദ്ധീകരണങ്ങൾ എത്ര വീതം പുറത്തിറക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ ഭാഷകളിലായി പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെ ലിസ്റ്റ് അനുബന്ധം-1 ആയി വച്ചിരിക്കുന്നു.*

(ബി) ലിസ്റ്റ് അനുബന്ധം-2 ആയി വച്ചിരിക്കുന്നു.*

(സി) സായാഹ്ന പത്രങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം-3 ആയി വച്ചിട്ടുണ്ട്.

(ഡി) അനുബന്ധം-4 ആയി വച്ചിട്ടുണ്ട്.

(ഇ) പി. ആർ. ഡി. യിൽ നിന്നും 5 പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നുണ്ട്. അതിന്റെ വിവരങ്ങൾ അനുബന്ധം-5 ആയി വച്ചിട്ടുണ്ട്.* മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly